[Mr. C. A. Ouseph]

(*d*) Copy of Government Proceedings E3-18517/23, dated 19th May 1948 is appended. (Vide Appendix III).

Mr. P. K. Dewer *(Labour):* May I know whether this order was communicated to this particular manager alone or to all managers ?

Mr. C. A. Ouseph *(Minister for Education and Public Health):* I want notice.

TRANSFER OF OFFICERS WITHOUT CONSULTING PUBLIC SERVICE COMMISSION

258. (314) മിസ്റ്റർ എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ഫുഡ് ഡിപ്പാർട്ട്മെണ്ടിൽനിന്ന് ഒരു മിസ്റ്റർ ഉക്കുവെ ഫ്രം ഒടുവിലോ, ഫ്രം ര ആദ്യമോ അക്കൌണ്ടൻറ് ജനറാളുടെ ആപ്പീസ്സിലേക്ക് മാറുകയും അങ്ങിനെ മാറുകയാൽ അവിടെ ലോങ്ങ് വേക്കൻസിയിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷനേറയൊ, സ്റ്റാഫ് സെലക്ഷൻ ബോർഡിനേറയൊ ത്രുപാശ്പ്രകാരം നിയമിക്കപ്പെട്ടിരുന്ന ഒരു ക്ലാക്ക് (പലയസമുദായത്തിൽപെട്ട ഒരാൾ) അവിടെനിന്നും പുറംതള്ളപ്പെടുകയും ഉണ്ടായിട്ടുണ്ടോ;

(ബി) അപ്രകാരം ചെയ്തത് പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് ആലോചിച്ചായിരുന്നുവോ;

(സി) ഇങ്ങിനെ ചെയ്തത ശരിയായില്ലെന്നും മറും കാണിച്ച് പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽനിന്ന് ഗവൺമെണ്ടിലേക്കോ എക്കൌണ്ടൻറ് ജനറാളിനൊ എഴുതുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടായിട്ടുണ്ടെങ്കിൽ എന്നാണ് അങ്ങിനെ ചെയ്തത്; എന്ത് അതിനു മറുപടി നൽകി;

(ഇ) നാലുമാസക്കാലമായി പ്രസ്തുത പുലയയുവാവ് ഇതുനിമിത്തം ജോലിയില്ലാതെ നില്ക്കുന്നത് ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പെടുത്തിയിട്ടുണ്ടോ;

(എഫ്) ഇതുപോലെയുള്ള വേറെ എത്ര നിയമനങ്ങൾ ഫ്രം ന മുതലാം ഫ്രം ഠ-ാംനക്കുശേഷവും ഫ്രം ര കന്നി ഫ്രം ങ-ാംനക്കുമുമ്പും ആയി നടന്നിട്ടുണ്ട്; ഉണ്ടെങ്കിൽ അവയുടെ ഒരു പട്ടിക മേശപ്പുറത്തു സദയം വെക്കുമോ; അവയെപ്പറ്റി പബ്ലിക്ക് സർവ്വീസ് കമ്മീഷണർ അയച്ചിട്ടുള്ള പ്രതിഷേധക്കുറിപ്പുകളും മേശപ്പുറത്തു സദയം വെക്കുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്

(എ) ഉവ്വ്. ഫ്രം ന മിഥുനത്തിൽ മിസ്റ്റർ ഉക്കുവിനെ ഫുഡ് ഡിപ്പാർട്ട്മെണ്ടിൽനിന്ന അക്കൌണ്ടൻറ് ജനറാളുടെ ആപ്പീസിലേക്കും അവിടെനിന്ന മിസ്റ്റർ സി. ഇ. കൃഷ്ണനെ (കണക്കൻസമുദായത്തിൽപ്പെട്ട ഒരാളെ) ഫുഡ് ഡിപ്പാർട്ട്മെണ്ടിലേക്കും പരസ്പരം മാറുകയുണ്ടായി. ഫുഡ് ഡിപ്പാർട്ട്മെണ്ടിൽനിന്ന് മിസ്റ്റർ കൃഷ്ണൻ പിന്നീട് ഒഴിവായി.

(ബി) അല്ല. ഡിപ്പാർട്ട്മെണ്ടു മാറ്റങ്ങൾക്ക് സർവ്വീസ് കമ്മീഷനോട് ആലോചിക്കേണ്ട ആവശ്യമില്ല.

(സി) ഈ മാറ്റംകൊണ്ട് മിസ്റ്റർ കൃഷ്ണന ദോഷം നേരിട്ടിട്ടുണ്ടെന്നും സർവ്വീസ്കമ്മീഷൻ ഗവൺമെണ്ടിലേക്ക് എഴുതിയിട്ടുണ്ട്.

(ഡി) ഫൻ ര വ ആഗസ്റ്റ് മുതൽ- ഗവൺമെണ്ടിലേക്ക് റിപ്പോർട്ട്ചെയ്തു. മിസ്റ്റർ കൃഷ്ണനെ അക്കൌണ്ടൻറ് ജനറാളാപ്പീസ്സിൽ ആദ്യത്തെ തസ്തികയിൽതന്നെ നിയമിക്കുന്നതിനു കല്പന നൽകി.

(ഇ) ഉണ്ട്.

(എഫ്) ഇതുപോലെയുള്ള വേറെ നിയമനങ്ങളെപ്പറ്റി ഗവൺമെണ്ടിനു് അറിവില്ല.

TRANSFER OF Mr. C. E. KRISHNAN FROM ACCOUNTANT-GENERAL'S OFFICE TO FOOD SUPPLIES DEPARTMENT—PARTICULARS OF

259. (241) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) സർവ്വീസ് കമ്മീഷൻ, അക്കൌണ്ടൻറ് ജനറാളുടെ ആഫീസിൽ അറ്റണ്ടറായി നിയമിച്ചിരുന്ന ഒരു സി. ഇ. കൃഷ്ണനെ അടുത്തകാലത്തു് ഗവൺമെണ്ടു് ഫുഡ് സപ്ലൈ ഡിപ്പാർട്ട്മെണ്ടിലേക്ക് മാറുകയുണ്ടായൊ;

LIBRARY ARCHIVES Kerala Legislative Assembly